ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ.ബി.റ്റി.വി.കൃഷ്ണൻ, ബി.ടെക്,)

**ഉത്തരവ് : നമ്പർ ബി2/5593/2015/സിഇ തീയതി : 07/09/2020**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം -ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ശ്രീ.ആർ.വി.സജികുമാറിനെ സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :- തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ 27/7/2020 ലെ ഇ1/197/2017/ഇഇ എന്ന നമ്പരിലുള്ള കത്ത്.

ഹാർബർ എൻജിനീയറിംഗ് വകുപ്പ് വിഴിഞ്ഞം സബ് ഡിവിഷനിൽ ഡ്രാഫ്റ്റ്സ്മാൻമാരുടെ അഭാവം കാരണം വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഡ്രാഫ്റ്റ്സ്മാൻമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സൂചന പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ശ്രീ.ആർ.വി.സജികുമാറിനെ ഭരണസൗകര്യാർത്ഥം ഹാർബർ എൻജിനീയറിംഗ് വിഴിഞ്ഞം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ ഒഴിവുള്ള ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I (സിവിൽ) തസ്തികയിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.ആർ.വി.സജികുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ വിഴിഞ്ഞം സബ് ഡിവിഷൻ തിരുവനന്തപുരം മുമ്പാകെ ജോലിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്,
ചീഫ് എൻജിനീയർ

സ്വീകർത്താവ്,

ശ്രീ.ആർ.വി.സജികുമാർ,
ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I (സിവിൽ) (ടിയാൾ വിടുതൽ ചെയ്യുന്നതു നിമിത്തം ഡി8 സെക്ഷന്റെ ചുമതല ഡി9 സെക്ഷനും ഡി6 സെക്ഷന്റെ ചുമതല ഡി2 സെക്ഷനും കൈമാറേണ്ടതാണ്.).

പകർപ്പ് :- എക്സിക്യൂട്ടീവ് എൻജിനീയർ, തിരുവനന്തപുരം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, വിഴിഞ്ഞം സബ് ഡിവിഷൻ.

" ബി3, ബി4 സെക്ഷനുകൾക്ക്, സ്റ്റോക്ക് ഫയൽ, ഐ.ടി.സെൽ.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ